ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തിനഗർ, തിരുവനന്തപുരം – 1

EX:IV(CS)/ 2488/HSE/2008-2009 തീയതി: 05/02/2010

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി പരീക്ഷ, മാർച്ച് 2010 – EVALPRO സോഫ്റ്റ് വെയർ ഉപയോഗിച്ച് CE സ്കോറുകൾ അപ്‌ലോഡ് ചെയ്യുന്നതിനെ സംബന്ധിച്ച്.

ഒന്നും രണ്ടും വർഷ ഹയർസെക്കന്ററി വിദ്യാർത്ഥികളുടെ സി.ഇ. സ്കോറുകൾ തയ്യാറാക്കുന്നതിനും അപ്‌ലോഡ് ചെയ്യുന്നതിനും ആവശ്യമായ EVALPRO സോഫ്റ്റ്‌വെയർ ഹയർസെക്കന്ററി വെബ് പോർട്ടലിൽ (www.dhsekerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്. പോർട്ടലിൽ ലോഗിൻ ചെയ്ത് 'DOWNLOADS' എന്ന ലിങ്കിൽ നിന്നും പ്രസ്തുത സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്. സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തശേഷം 'admin' എന്ന യൂസർനെയിമിലും പാസ്‌വേർഡിലും ലോഗിൻ ചെയ്ത്, മെനുവിലുള്ള 'import' എന്ന ടൂൾ ഉപയോഗിച്ച് കുട്ടികളുടെ പേരുവിവരങ്ങൾ ചേർക്കാവുന്നതാണ്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ 'HELP' എന്ന മെനുവിൽ ലഭ്യമാണ്. CE സ്കോറുകൾ 'enter' ചെയ്യുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ഒന്നാം വർഷവിദ്യാർത്ഥികളുടെ തന്നിരിക്കുന്ന രണ്ടാംഭാഷയിൽ മാറ്റങ്ങളുണ്ടെങ്കിൽ സ്കോർ enter ചെയ്യുന്നതിനുമുമ്പ് അത് തിരുത്തേണ്ടതാണ്.
- ഏതെങ്കിലും രജിസ്റ്റർ ചെയ്ത് പരീക്ഷയെഴുതുമ്പോൾ യോഗ്യരായ ഒന്നാംവർഷ വിദ്യാർത്ഥികളുടെ പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ അവ രജിസ്റ്റർ നമ്പർ സഹിതം കൂട്ടിച്ചേർക്കേണ്ടതാണ്. (അത്തരം വിദ്യാർത്ഥികളുടെ രജിസ്റ്റർനമ്പർ ഡയറക്ടറേറ്റിൽ നിന്നും മനസ്സിലാക്കേണ്ടതാണ്).

- സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ച്,പരാതികൾ ഉണ്ടെങ്കിൽപരിഹരിച്ച്, കൃത്യത ഉറപ്പ് വരുത്തിയ സ്കോറുകളാകണം അപ്‌ലോഡ് ചെയ്യേണ്ടത്.

- അപ്‌ലോഡ് ചെയ്യുന്നതിനുമുമ്പ് മാർക്കുകളുടെ കൃത്യത പ്രിൻസിപ്പൽ ഉറപ്പുവരുത്തേണ്ടതാണ്. ഒരിക്കൽ അപ്‌ലോഡ് ചെയ്ത സ്കോറുകളിൽ പിന്നീട് മാറ്റംവരുത്താൻ അനുവദിക്കുകയില്ല.

- അപ്‌ലോഡ് ചെയ്തശേഷം പോർട്ടലിൽ നിന്നും CE സ്കോറിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതും പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ജോയിന്റ് ഡയറക്ടറുടെ (പരീക്ഷാവിഭാഗം) പേർക്ക് അയക്കേണ്ടതാണ്. പ്രിന്റൗട്ട് എടുക്കുന്നതിന് പ്രയാസം നേരിടുന്നപക്ഷം 'Downloads' ൽ ലഭ്യമായ 'Report tools' ഡൗൺ ലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക) മറ്റുരീതിയിൽ തയ്യാറാക്കിയ പ്രിന്റൗട്ടുകൾ സ്വീകരിക്കുന്നതല്ല.

- CE സ്കോർ പൂർണ്ണമായും അപ്‌ലോഡ് ചെയ്തിട്ടില്ലാത്ത രജിസ്റ്റർ നമ്പറിലുള്ള 'അഡ്മിഷൻ ടിക്കറ്റ്' നല്കുന്നതല്ല.

- പ്രൈവറ്റ് ഫുൾകോഴ്സ് വിദ്യാർത്ഥികളുടെ CE സ്കോറുകൾ ജോയിന്റ് ഡയറക്ടറുടെ (പരീക്ഷാവിഭാഗം) പേർക്ക് നേരിട്ട് അയക്കുകയാണ് വേണ്ടത്.

- ഒന്നും രണ്ടും വർഷ റഗുലർ വിദ്യാർത്ഥികളുടെ CE സ്കോറുകൾ 11.02.2010 നു മുമ്പായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**സെക്രട്ടറി**

ബോർഡ് ഓഫ് ഹയർസെക്കന്ററി വിദ്യാഭ്യാസം